പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 364** **28.11.2018 -ൽ മറുപടിക്ക്.**

## മുൻഗണനാ വിഭാഗം റേഷൻകാർഡ് ലഭിച്ച അനർഹർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് മുൻഗണനാ വിഭാഗം റേഷൻകാർഡ് ലഭിച്ചവരിൽ പലരും അനർഹരാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ റേഷൻ കടകൾ വഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽ നിന്നും താലൂക്ക്തല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേക്ക് ആദ്യ ഘട്ടത്തിൽ 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും (ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.<br>പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഡാറ്റായുമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.സി.എം.എസ്) ഡാറ്റാ മാപ്പിംഗ് നടത്തിയത് പ്രകാരം ഫീൽഡ് തല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ഒഴിച്ചിട്ട ശേഷം ശേഷിക്കുന്ന ഒഴിവുകളിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽ നിന്നും അർഹരെ ഉൾപ്പെടുത്തി വരുന്നു. ഇതുവരെ 48,269 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുക വഴി 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും |

| | | | |
|---|---|---|---|
| | | | ഇതിനു പുറമേ 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്.<br>അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു. |
| **(ബി)** | 1000 ചതുരശ്ര അടിയുള്ള വീട്, നാലുചക്രവാഹനം, ഒരു ഏക്കറിലധികം ഭൂമി, വിദേശത്ത് ജോലി തുടങ്ങിയവയുള്ളവരിൽ എത്ര പേരുടെ മുൻഗണനാ കാർഡ് പ്രസ്തുത വിഭാഗത്തിൽ നിന്നും പരിവർത്തനം ചെയ്യുകയുണ്ടായി ; | **(ബി)** | സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷനുകാർ എന്നിവർ ഒഴികെ നാളിതുവരെ 1,76,223 മുൻഗണനാ കാർഡുകൾ പരിവർത്തനം ചെയ്തിട്ടുണ്ട്. |
| **(സി)** | സംസ്ഥാന സർക്കാർ ജീവനക്കാരിൽ മുൻഗണനാ കാർഡ് അനർഹമായി കൈപ്പറ്റിയിരുന്നവരിൽ എത്ര പേർ ഇതിനകം പ്രസ്തുത വിഭാഗത്തിൽ നിന്നും സ്വമേധയാ മാറുകയുണ്ടായി; | **(സി)** | സംസ്ഥാന സർക്കാർ ജീവനക്കാരും, പെൻഷനുകാരും ഉൾപ്പെടെ 97,667 മുൻഗണനാ കാർഡുകൾ മാറിയിട്ടുണ്ട്. |
| **(ഡി)** | അനർഹമായി മുൻഗണനാ വിഭാഗം റേഷൻകാർഡ് കൈവശം വച്ച് റേഷനാനുകൂല്യങ്ങൾ കൈപ്പറ്റിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; വിശദാംശം നൽകുമോ ? | **(ഡി)** | അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ നോൺസബ്സിഡി നിരക്കിലുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**